LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികളിലെ പവ്വർ ലാൺട്രികൾ

*13 [256] *ശ്രീ. എൻ. രാജൻ:*

,, *പി. നാരായണൻ:*

,, *എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എത്ര ആശുപത്രികളിൽ പവ്വർ ലാൺട്രികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പവ്വർ ലാൺട്രികൾ വാങ്ങി നൽകിയിട്ടും പ്രവർത്തിപ്പിക്കാത്ത ആശുപത്രികളുണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(സി) കേടായ പവ്വർ ലാൺട്രികൾ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 22 ആശുപത്രികളിൽ (നാല് മെഡിക്കൽ കോളേജുകളും രണ്ട് ആയുർവേദ ആശുപത്രികളും ഉൾപ്പെടെ) പവ്വർ ലാൺട്രികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്. ജില്ലാ ആശുപത്രി-ആലപ്പുഴ, ജില്ലാ ആശുപത്രി- കണ്ണൂർ, ആയുർവേദ കോളേജ്-തൃപ്പൂണിത്തുറ എന്നിവയിലെ പവ്വർ ലാൺട്രികൾ ഭൗതിക സാഹചര്യങ്ങളുടെ അഭാവത്തിൽ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) കൊല്ലം ജില്ലാ ആശുപത്രിയിലെ പവ്വർ ലാൺട്രി മാത്രമാണ് കേടായിക്കിടക്കുന്നത്. ഈ പവ്വർ ലാൺട്രിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ആശുപത്രി സൂപ്രണ്ട് തലത്തിൽ കമ്മിറ്റി രൂപീകരിച്ച് തുക അനുവദിച്ചിട്ടുണ്ട്.

പഞ്ചായത്ത് ജീവനക്കാരുടെ പണിമുടക്ക്

*14 [257] *ശ്രീ. കെ. അച്ചുതൻ:*

,, *ജി. കാർത്തികേയൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ജീവനക്കാർ, 2005 ജൂലായ് 20 മുതൽ അനിശ്ചിതകാല പണിമുടക്ക് നടത്തുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ;

(ബി) ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി കൂടിയാലോചിച്ച് കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പണിമുടക്ക് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി)*:

(എ) കേരള പഞ്ചായത്ത് എംപ്ലോയീസ് ഓർഗനൈസേഷൻ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് 2005 ജൂലായ് 20 മുതൽ പണിമുടക്ക് നടത്തുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

(സി) പഞ്ചായത്ത് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി 16-7-2005-ന് നടത്തിയ ചർച്ചയെ തുടർന്ന് പണിമുടക്ക് ഒഴിവാക്കിയിട്ടുണ്ട്.

വെന്റിലേറ്റർ സൗകര്യമുള്ള ആശുപത്രികൾ

*15 [258] *ശ്രീ. കെ. സി. ജോസഫ്:*
„ ടി. എൻ. പ്രതാപൻ:
„ ജോർജ്ജ് ജെ. മാത്യു:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിൽ വെന്റിലേറ്റർ സൗകര്യമുണ്ട്;

(ബി) ഈ വെന്റിലേറ്ററുകളിൽ ഓക്സിജൻ സിലിണ്ടറുകൾ യഥാസമയം എത്തിക്കുന്നെന്ന് ഉറപ്പുവരുത്താറുണ്ടോ;

(സി) ഓപ്പറേഷനുശേഷം വെന്റിലേറ്ററിൽ പ്രവേശിപ്പിച്ച രോഗി ഓക്സിജൻ കിട്ടാതെ ഇക്കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ മരിച്ച സംഭവം ഉണ്ടായിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് സ്ഥാപനത്തിന്റെ മേലധികാരിക്ക് റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഓക്സിജൻ യഥാസമയം നൽകാതിരുന്നവരുടെ മേൽ എന്ത് നടപടി എടുത്തുവെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ആരോഗ്യ വകുപ്പിന് കീഴിലുള്ള മുപ്പത് ആശുപത്രികളിലും വെന്റിലേറ്റർ സൗകര്യമുണ്ട്. (വിശദവിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്). †

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly